**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 156** **03-03-2025 - ൽ മറുപടിയ്ക്ക്**

**ആശാ വർക്കർമാരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആശാ വർക്കർമാരുടെ ഓണറേറിയം തുകയിൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വെട്ടിക്കുറവ് വരുത്തുന്നു എന്ന ആക്ഷേപം ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (എ) | ആശമാരുടെ പ്രതിമാസ ഹോണറേറിയം 7000 രൂപ 10 മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നൽകി വന്നിരുന്നത്. എന്നാൽ ആശമാർക്ക് ഉപാധിരഹിത ഓണറേറിയം അനുവദിക്കാനും ആശമാരുടെ വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് അവരുടെ സംഘടനാ പ്രതിനിധികളുമായി 2025 ഫെബ്രുവരി 6ന് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, ആശമാരുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട സർക്കുലർ പരിഷ്കരിക്കുന്നതിനായി ആരോഗ്യ വകുപ്പിലേയും എൻ.എച്ച്.എം.ലേയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാനും ഈ കമ്മിറ്റി പഠനം നടത്തി ഉപാധിരഹിത ഓണറേറിയം അനുവദിക്കുന്നതു സംബന്ധിച്ച തീരുമാനത്തിനായി രണ്ടാഴ്ച്ചയ്ക്കുള്ളിൽ റിപ്പോർട്ട് നൽകുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ഏഴാം തീയതി കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുകയും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓണറേറിയത്തിനായുള്ള മുഴുവൻ ഉപാധികളും ഒഴിവാക്കാനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ആശാ വർക്കർമാരുടെ ആനുകൂല്യങ്ങൾ നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വിശദമാക്കാമോ; | (ബി) | നിലവിൽ ആശമാർക്ക് സംസ്ഥാന സർക്കാർ നൽകുന്ന പ്രതിമാസ ഹോണറേറിയവും കേന്ദ്രവും സംസ്ഥാനവും 60:40 അനുപാതത്തിൽ നൽകുന്ന ഇൻസെന്റീവുകളുമാണ്. (ഫിക്സഡ് ഇൻസെന്റീവും വിവിധ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവും) ലഭ്യമാക്കുന്നത്. കേന്ദ്രത്തിൽ നിന്നും വിഹിതത്തിന്റെ ഗഡുക്കൾ ലഭ്യമാകുന്ന മുറക്ക് ആശമാർക്ക് ഇൻസെന്റീവുകൾ വിതരണം ചെയ്യുന്നുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതം ലഭിച്ചില്ലായെങ്കിലും ഇൻസെന്റീവുകൾ കൃത്യമായി സംസ്ഥാന സർക്കാർ ആശമാർക്ക് നൽകിയിരുന്നു. ആശമാർക്ക് നൽകി വരുന്ന മുഴുവൻ പ്രതിമാസ ഹോണറേറിയവും സംസ്ഥാന |

| | | | |
|---|---|---|---|
| | | | വിഹിതമാണ്. 2025 ജനുവരി വരെയുള്ള ഹോണറേറിയവും ഇൻസെന്റീവും ആശമാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | മിനിമം ദിവസവേതനമായി നിശ്ചയിട്ടുള്ള 700 രൂപ പോലും ആശാ വർക്കർമാർക്ക് നൽകാൻ തയ്യാറാകാത്തതിന്റെ കാരണം വിശദമാക്കാമോ? | (സി) | 'Acredited Social Health Activist' അഥവാ 'ASHA' ഒരു കേന്ദ്ര സ്കീമാണ്. ആശമാരെ സന്നദ്ധ പ്രവർത്തകരായാണ് കേന്ദ്രം വിഭാവനം ചെയ്തിട്ടുള്ളത്. ആശ പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതി ആയതുകൊണ്ട് ടി പദ്ധതിയിന്മേൽ സ്വീകരിക്കേണ്ട തീരുമാനങ്ങൾ കേന്ദ്ര സർക്കാരിൽ നിന്നാണ് ലഭ്യമാക്കേണ്ടത്. നിലവിൽ ആശമാരെ വിവിധ സ്കീമുകൾ പ്രകാരമുള്ള ആരോഗ്യ സേവനത്തിനായിട്ടാണ് നിയോഗിച്ചിട്ടുള്ളത്. ആശമാർക്ക് രാവിലെ മുതൽ വൈകിട്ട് വരെ നിശ്ചിതമായ ഒരു സമയം നിഷ്കർഷിച്ചിട്ടില്ല. അതിനാൽ അവർക്ക് സ്ഥിരം ശമ്പളത്തിനു പകരം ആരോഗ്യ സേവനങ്ങൾക്കുള്ള ഇൻസെന്റീവുകളായിട്ടാണ് ഓരോ മാസവും നൽകുന്നത്. ഈ ഇൻസെന്റീവിനൊപ്പം സംസ്ഥാന സർക്കാർ പ്രതിമാസ ഹോണറേറിയവും നൽകി വരുന്നു. അതുകൊണ്ടു തന്നെ ആശമാർ മിനിമം വേതന പരിധിയിൽ വരുന്നില്ല. 2025 ജനുവരി മാസത്തിലെ കണക്കനുസരിച്ച് കേരളത്തിലെ ആശമാരിൽ 89.98 ശതമാനവും 10,000 നും 13,000 നും ഇടയിൽ ഹോണറേറിയവും ഇൻസെന്റീവും ഉൾപ്പെടെ വാങ്ങുന്നവരാണ്. ഇതിൽ സംസ്ഥാനം മാത്രം നൽകുന്ന ഹോണറേറിയവും, കേന്ദ്രവും സംസ്ഥാനവും ചേർന്ന് നൽകുന്ന ഇൻസെന്റീവും ഉണ്ട്. ഹോണറേറിയത്തിൽ രാജ്യത്ത് ഏറ്റവും ഉയർന്ന തുക നൽകുന്ന സംസ്ഥാനം കേരളമാണ്. |

സെക്ഷൻ ഓഫീസർ